**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5306** **21-07-2022 - ല്‍ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷനു കീഴിലെ സ്കീമുകളും പ്രോഗ്രാമുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആര്‍ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷനു കീഴിലുള്ള സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിശദവിവരം ലഭ്യമാക്കാമോ; ഇവയുടെ ഫണ്ട് വിനിയോഗത്തെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | **കേരള സാമൂഹ്യ സുരക്ഷാ മിഷനു കീഴിലുള്ള സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിശദവിവരം,ഫണ്ട് വിനിയോഗം എന്നിവ അനുബന്ധം-I ആയി ചേർക്കുന്നു.** |
| (ബി) | ഈ സ്കീമുകളിൽ ഓരോന്നിനും അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഓരോന്നിനും 2020-21, 2021-22 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) | **സാമൂഹ്യ സുരക്ഷാ മിഷനു കീഴിലുള്ള സ്കീമുകളിൽ ഓരോന്നിനും അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങളും 2020-21, 2021-22 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശവും, അപേക്ഷകളിൻമേൽ സഹായം ലഭ്യമാക്കിയത് എത്രയെന്നും ഇനി സഹായം ലഭ്യമാക്കേണ്ടത് എത്രയെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.** |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ സഹായം ലഭ്യമാക്കിയത് എത്രയെന്നും ഇനി സഹായം ലഭ്യമാക്കേണ്ടത് എത്രയെന്നും വ്യക്തമാക്കാമോ? | (സി) | **സാമൂഹ്യ സുരക്ഷാ മിഷനു കീഴിലുള്ള സ്കീമുകളിൽ ഓരോന്നിനും അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങളും 2020-21, 2021-22 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശവും, അപേക്ഷകളിൻമേൽ സഹായം ലഭ്യമാക്കിയത് എത്രയെന്നും ഇനി സഹായം ലഭ്യമാക്കേണ്ടത് എത്രയെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-I</u>

1. ക്യാൻസർ സുരക്ഷാ പദ്ധതി : 2008 നവംബർ 1 -നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ . ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 2416.08 (300 ലക്ഷം ബജറ്റ് + 2116.08 ലക്ഷം SDG) | 2416.08 |

2. താലോലം പദ്ധതി : 2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 1268.81 ലക്ഷം (200 ലക്ഷം ബജറ്റ് + 1068.81 ലക്ഷം എസ്.ഡി.ജി | 1268.81 ലക്ഷം |

3. ആശ്വാസകിരണം പദ്ധതി : 2010 ലാണ് പദ്ധതി ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 4000 ലക്ഷം | 4000 ലക്ഷം |

4. സ്നേഹസ്പർശം പദ്ധതി : 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. 1000/- രൂപ ധനസഹായം അനുവദിച്ചു വന്ന പദ്ധതി ധനസഹായം 06/07/2018 തീയതിയിലെ സ.ഉ(സാധാ)417/2018/സാനീവ പ്രകാരം 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 200 ലക്ഷം | 200 ലക്ഷം |

5. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നിലവിൽ 5423 പേർക്ക് നൽകി വരുന്നു.

(ബി) സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021–22 | 1900 ലക്ഷം | 1307.65 ലക്ഷം |

6. വയോമിത്രം പദ്ധതി :

നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. 42 നഗര പ്രദേശത്ത് നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും കൂടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സൗജന്യ ചികിത്സക്ക് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021–22 | 4708.6 ലക്ഷം (2400 ലക്ഷം ബജറ്റ് + 2308.60 ലക്ഷം എസ്.ഡി.ജി) | 4707.25 ലക്ഷം |

7. ശ്രുതിതരംഗം പദ്ധതി :

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം . സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു . കൂടാതെ 28/09/17 തീയതിയിലെ സ .ഉ (എം.എസ്)നം.640/17/സാനീവ പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സു വരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റന്റഡ് വാറന്റി നൽകുന്നതിനുള്ള ധ്വനി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 14.02.2020 തീയതിയിലെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വ പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021–22 | 800 ലക്ഷം | 799.77 ലക്ഷം |

8. സ്നേഹപൂർവ്വം പദ്ധതി :

മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം . മതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച് .ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70000 –ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട് . സ്നേഹപൂർവം പദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് ജില്ലാതലത്തിൽ ജീവിതനൈപുണ്യ ശില്പശാലകൾ, 10, 12 ക്ലാസ്സുകളിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് എക്സലൻസ് അവാർഡ് എന്നിവയും ഈ പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നുണ്ട്.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021–22 | 4510.30 ലക്ഷം (1700 ലക്ഷം ബജറ്റ് + 2810.30 ലക്ഷം എസ്.ഡി.ജി) | 4510.299 ലക്ഷം |

9. സമാശ്വാസം പദ്ധതി :

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ , വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി ഡയാലിസിസിന് വിധേയരാകുന്ന ബി .പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 500 ലക്ഷം | 499.40 ലക്ഷം |

10. വി-കെയർ :
കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ,മാനസിക പരിചരണം ലഭിക്കാൻ നിർ വ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ , സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 100 ലക്ഷം | 25.10 ലക്ഷം |

11. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി)

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് "മിഠായി". ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗ് മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെന്ററുകളിൽ ഒരു എം എസ് സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 400 പേർക്ക് insulin pen ലഭ്യമാക്കിയിട്ടുണ്ട്.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 380 ലക്ഷം | 205.42 ലക്ഷം |

12.സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്

അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. റീജിയണൽ ഏർളി ഇൻ്റർവെൻഷൻ സെൻ്റർ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇൻ്റർവെൻഷൻ സെൻ്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇൻ്റർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെൻ്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിൻ്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെൻ്റ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൻ്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി കേന്ദ്രത്തിൻ്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 3. മൊബൈൽ ഇൻ്റർവെൻഷൻ യൂണിറ്റുകൾ

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇൻ്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെൻ്റൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇൻ്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിൻ്റെ (എൻ. എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇൻ്റർ വെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മൊബൈൽ ഇൻ്റർ വെൻഷൻ യൂണിറ്റ് എന്ന നിലയിലാണ് ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്.

## 3. കാതോരം

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 62 സർക്കാർ ഡെലിവറി പോയിൻ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകിസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിൻ്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു.

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള ബെറാ സംവിധാനം 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻ്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. പ്രതിവർഷം 1000 1500 കുട്ടികൾ ബെറയിലൂടെ സ്ഥിരീകരണ പരിശോധനക്ക് വിധേയരാകുന്നു.

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാൻറ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയർ ഇംപ്ലാൻ്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

4. **പ്രത്യേക മേഖലകളിൽ സ്ഥിരം ഇൻറർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖലയിൽ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ഡിസെബിലിറ്റി മാനേജ്മെൻറ് യൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവിധങ്ങളായ തെറാപ്പിയും സേവനങ്ങളും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കി വരുന്നു.

5. **ഹെൽപ്പ് ഡെസ്ക്**

ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ, സ്ഥാപനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ അനുയാത്രയുടെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ അവയുടെ സേവനങ്ങൾ ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലെ **1800 120 1001** എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

6. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു . ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും **2** സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ .സി.ഡി.എസ് പ്രോജക്റ്റിൽ **3** അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്.

ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

7. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ , പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ അനുയാത്രയുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാടായി , എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാളൂർ എന്നിവിടങ്ങളിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററുകൾ ആരംഭിക്കാനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

8. **ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്**

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് – യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെൻറ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ് ലോഡ് ചെയ്ത് ഓൺലൈനായാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമാക്കുന്നു.

9. **ഹോർട്ടികൾച്ചർ തെറാപ്പി**

സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചർ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് വഴി നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഉദ്യാന പരിപാലന പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുകയും അവരിൽ സ്വയമായി തൊഴിൽ ചെയ്യാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

10. **സ്പെക്ട്രം പദ്ധതി**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ **2018 – 19** മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച്

നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് സ്പെക്ട്രം. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെൻറ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. **2021 – 2022** വർഷത്തിൽ ഈ കേന്ദ്രത്തിന്റെ ഭാഗമായ ചൈൽഡ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം **2019 – 2020** ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന സഹയോഗി എന്ന കൈപുസ്തകവും **2770** പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**11. മാനസിക രോഗം ബാധിച്ചവരുടെ പുനരധിവാസപദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ഫാമിലി ഷോർട്ട് സ്റ്റേ ഹോം**

തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഇതിനാവശ്യമായ കെട്ടിടനിർമ്മാണം നടന്നു വരുന്നു. കോസ്റ്റ്ഫോർഡിനാണ് കെട്ടിടനിർമ്മാണ ചുമതല.

**12. വെള്ളപ്പൊക്ക ദുരിത ബാധിതരായ ഭിന്നശേഷിക്കാർക്ക് നഷ്ടപ്പെട്ട സഹായ ഉപകരണങ്ങൾ നൽകുന്ന പ്രത്യേക പദ്ധതി**

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഭാഗമായി സഹായ ഉപകരണം നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തൃശ്ശൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്.

**13. എം പവർ ഇൻക്യൂബേറ്റർ**

അനുയാത്രയുടെ ഭാഗമായി മാജിക്കിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാജിക് അവതിരിപ്പിക്കുന്നതിനും വേതനം ലഭ്യമാക്കുന്നതിനും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ ഒരുക്കിയിട്ടുള്ള സ്ഥിരം വേദിയാണ് എംപവർ ഇൻക്യുബേറ്റർ.

**14. പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ**

കുറഞ്ഞ നിരക്കിൽ ഭിന്നശേഷി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ പ്രോസ്റ്റെറ്റിക് & ഓർത്തോട്ടിക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലൂടെ ഗുണനിലവാരമുള്ള കൃത്രിമ കൈ, കാൽ എന്നിവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കി വരുന്നു.

**15. ആങ്കലോസിംഗ് സ്പോൺഡിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടങ്ങിയവ മൂലമുള്ള ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നീ രോഗങ്ങൾ മൂലമുണ്ടാകാൻ സാധ്യതയുള്ള ഭിന്നശേഷി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി **2021 –22** മുതൽ നടപ്പിലാക്കി വരുന്നു. ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെൻററായി അനുവദിച്ച് ആവശ്യത്തിനുള്ള മരുന്ന് കെ .എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീ ചിത്ര തിരുന്നാൾ ആശുപത്രിയും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി അർഹരായവർക്കുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021–22 | **2966** ലക്ഷം | **2170.42** ലക്ഷം |

## അനുബന്ധം-II

1. ക്യാൻസർ സുരക്ഷാ പദ്ധതി : മാനദണ്ഡം
   - 18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികളായിരിക്കണം.
   - സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കായിരിക്കും പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
   - സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
   - കേരളത്തിലെ കുട്ടികളായിരിക്കണം.
   - ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന കാലയളവിലാണ് സൗജന്യ ചികിത്സ സഹായം ലഭിക്കുക.
   - ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല.
2. താലോലം പദ്ധതി : മാനദണ്ഡം
   - 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളായിരിക്കണം.
   - ശസ്ത്രക്രിയ ആവശ്യമായ വൃക്ക വൈകല്യങ്ങൾ, കാർഡിയോ വാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ സൗജന്യ ചികിത്സ ഈ പദ്ധതിയിലൂടെ ലഭ്യമാകും.
   - സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ ചികിത്സയ്ക്കായി സമീപിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
   - സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
   - ഈ പദ്ധതിക്കും പ്രത്യേക അപേക്ഷാ ഫോറം ഇല്ല.
3. ആശ്വാസകിരണം പദ്ധതി : മാനദണ്ഡം
   - ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസികവൈകല്യം, 100 % കാഴ്ചശക്തിയില്ലാത്തവർ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരകരോഗം കാരണവും പൂർണ്ണ സമയവും ദൈനംദിന കാര്യങ്ങൾക്കായി പരിചാരകന്റെ സഹായം ആവശ്യമുള്ളവരുടെ പരിചാരകരാണ് ഗുണഭോക്താക്കൾ.
   - ബുദ്ധിമാന്ദ്യം ഉള്ളവർ സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ രോഗം ബാധിച്ചവർക്ക് വരുമാന പരിധി ബാധകമല്ല.
   - പരിചരണം നൽകുന്നയാൾ സ്ഥിര വരുമാനമുള്ളവരായിരിക്കരുത്.
   - വാർഷിക കുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയിലും താഴെയായിരിക്കണം.
   - നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേണ്ടതാണ്.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8637 | 11.10.2012 തീയതിലെ സ.ഉ (എം.എസ്) നം. 60/2012/സാക്ഷേവ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം | |
| 2 | കൊല്ലം | 5300 | | |
| 3 | പത്തനംതിട്ട | 1573 | | |

| | | | |
|---|---|---|---|
| 4 | ആലപ്പുഴ | 3934 | ലഘൂകരിക്കുകയും നിലവിൽ ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ **100%** അന്ധത എന്നിവയ്ക്ക് പുറമെ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. അത് വഴി ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക. ഈ പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ **2018** മാർച്ച് **31** വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമേ ധനസഹായം അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. **2018** ഏപ്രിൽ മുതൽ കാര്യാലയത്തിൽ ലഭ്യമായ **62,282** പുതിയ അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. |
| 5 | കോട്ടയം | 2510 | |
| 6 | ഇടുക്കി | 1019 | |
| 7 | എറണാകുളം | 3230 | |
| 8 | തൃശ്ശൂർ | 5264 | |
| 9 | പാലക്കാട് | 4880 | |
| 10 | മലപ്പുറം | 7635 | |
| 11 | കോഴിക്കോട് | 7047 | |
| 12 | വയനാട് | 2653 | |
| 13 | കണ്ണൂർ | 6197 | |
| 14 | കാസർഗോഡ് | 2403 | |

**4.** സ്നേഹസ്പർശം പദ്ധതി : മാനദണ്ഡം

- **60** വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
- ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർ ആയിരിക്കണം.
- പുനർ വിവാഹിതരായിരിക്കാൻ പാടില്ല.
- സർക്കാരിന്റെ മറ്റൊരാനുകൂല്യം ലഭിക്കാത്തവരായിരിക്കണം
- ജാതി ബാധകമല്ല
- ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ള എല്ലാ അഗതികളായ അവിവാഹിത അമ്മമാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്
- നിശ്ചിത ഫോറത്തിൽ അപേക്ഷ പൂരിപ്പിച്ച് ജില്ലാ സാമൂഹ്യ നീതി ആഫീസർക്ക് നൽകണം.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2020–21 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 4 | ടി അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടി | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ് |
| 2 | കൊല്ലം | 0 | | |
| 3 | പത്തനംതിട്ട | 2 | | |
| 4 | ആലപ്പുഴ | 0 | | |

| | | | | |
|---|---|---|---|---|
| 5 | കോട്ടയം | 1 | ല്ല. | . |
| 6 | ഇടുക്കി | 0 | | |
| 7 | എറണാകുളം | 0 | | |
| 8 | തൃശ്ശൂർ | 2 | | |
| 9 | പാലക്കാട് | 1 | | |
| 10 | മലപ്പുറം | 1 | | |
| 11 | കോഴിക്കോട് | 0 | | |
| 12 | വയനാട് | 0 | | |
| 13 | കണ്ണൂർ | 0 | | |
| 14 | കാസർഗോഡ് | 0 | | |

**2021-22** സാമ്പത്തിക വർഷം

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2021-22 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 1 | ടി അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടില്ല. | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ് . |
| 2 | കൊല്ലം | 3 | | |
| 3 | പത്തനംതിട്ട | 2 | | |
| 4 | ആലപ്പുഴ | 1 | | |
| 5 | കോട്ടയം | 2 | | |
| 6 | ഇടുക്കി | 0 | | |
| 7 | എറണാകുളം | 1 | | |
| 8 | തൃശ്ശൂർ | 0 | | |
| 9 | പാലക്കാട് | 3 | | |
| 10 | മലപ്പുറം | 0 | | |
| 11 | കോഴിക്കോട് | 0 | | |
| 12 | വയനാട് | 1 | | |
| 13 | കണ്ണൂർ | 0 | | |
| 14 | കാസർഗോഡ് | 2 | | |

**5.** എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ: മാനദണ്ഡം

- ആരോഗ്യ വകുപ്പ് നടത്തുന്ന സർവ്വേയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി ജില്ലാകളക്ടർ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് വരുമാന പരിധി കണക്കിലെടുക്കാതെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു.

ടി പദ്ധതി കാസർഗോഡ് ജില്ലയിൽ മാത്രം നടപ്പിലാക്കുന്നതാണ്. ജില്ലാ കളക്ടർ നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകി വരുന്നത്. വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**6.** വയോമിത്രം പദ്ധതി : മാനദണ്ഡം

- നഗരപ്രദേശത്ത് താമസിക്കുന്ന **65** വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.
- ഈ പദ്ധതി സഹായത്തിന് പ്രത്യേക അപേക്ഷാ ഫോറമില്ല.

**7.** ശ്രുതിതരംഗം പദ്ധതി : മാനദണ്ഡം

- **0-5** വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.
- കുടുംബവാർഷിക വരുമാനം **2** ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.
- കേരളത്തിലുള്ള കുട്ടികളായിരിക്കണം.
- കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- സ്ഥിരമായി സ്പീച്ച്തെറാപ്പി നടത്തുവാൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.
- നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| **2020-21** സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 7 | 6 | ഇല്ല (**1** നിരസിച്ചു) |
| 2 | കൊല്ലം | 11 | 10 | ഇല്ല (**1** നിരസിച്ചു) |
| 3 | പത്തനംതിട്ട | 1 | 1 | ഇല്ല |
| 4 | ആലപ്പുഴ | 7 | 4 | ഇല്ല (**3** നിരസിച്ചു) |
| 5 | കോട്ടയം | 4 | 3 | ഇല്ല (**1** നിരസിച്ചു) |
| 6 | ഇടുക്കി | 2 | 2 | ഇല്ല |
| 7 | എറണാകുളം | 8 | 8 | ഇല്ല |
| 8 | തൃശ്ശൂർ | 9 | 9 | ഇല്ല |
| 9 | പാലക്കാട് | 11 | 11 | ഇല്ല |
| 10 | മലപ്പുറം | 28 | 27 | ഇല്ല (**1** നിരസിച്ചു) |
| 11 | കോഴിക്കോട് | 16 | 16 | ഇല്ല |
| 12 | വയനാട് | 5 | 4 | ഇല്ല (**1** നിരസിച്ചു) |
| 13 | കണ്ണൂർ | 11 | 11 | ഇല്ല |
| 14 | കാസർഗോഡ് | 6 | 6 | ഇല്ല |

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| **2021-22** സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 10 | 8 | ഇല്ല (**2** നിരസിച്ചു) |
| 2 | കൊല്ലം | 5 | 4 | ഇല്ല (**1** നിരസിച്ചു) |

| | | | | |
|---|---|---|---|---|
| 3 | പത്തനംതിട്ട | 0 | 0 | 0 |
| 4 | ആലപ്പുഴ | 6 | 6 | ഇല്ല |
| 5 | കോട്ടയം | 2 | 1 | ഇല്ല (1 നിരസിച്ചു) |
| 6 | ഇടുക്കി | 4 | 2 | ഇല്ല (2 നിരസിച്ചു) |
| 7 | എറണാകുളം | 11 | 10 | ഇല്ല (1 നിരസിച്ചു) |
| 8 | തൃശ്ശൂർ | 13 | 12 | ഇല്ല (1 നിരസിച്ചു) |
| 9 | പാലക്കാട് | 9 | 9 | ഇല്ല |
| 10 | മലപ്പുറം | 18 | 18 | ഇല്ല |
| 11 | കോഴിക്കോട് | 8 | 8 | ഇല്ല |
| 12 | വയനാട് | 3 | 2 | ഇല്ല (1 നിരസിച്ചു) |
| 13 | കണ്ണൂർ | 10 | 9 | ഇല്ല (1 നിരസിച്ചു) |
| 14 | കാസർഗോഡ് | 7 | 7 | ഇല്ല |

8. ശ്രുതിതരംഗം പദ്ധതി : മെയിന്റനൻസ് പദ്ധതി

മാനദണ്ഡം

- കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവരായിരിക്കണം.
- 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം
- കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം,
- കേരളത്തിലുള്ളവരായിരിക്കണം.
- നിശ്ചിത രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ (ആധാർ/വരുമാന സർട്ടിഫിക്കറ്റ്) സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കണം.
- ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേനയായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- വാറണ്ടി/എക്സ്റ്റൻഡഡ് വാറണ്ടി എന്നിവ ഉപകരണങ്ങൾക്ക് നിലവിലുണ്ടെങ്കിൽ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.
- ഈ പദ്ധതി പ്രകാരം വാങ്ങി നൽകുന്ന ഉപകരണങ്ങൾ കേട്ടു കൂടാതെ സൂക്ഷിക്കുമെന്ന് അപേക്ഷകർ അപേക്ഷയിൽ തന്നെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
- ഒരു തവണ മെയിന്റനൻസിന്റെ ആനുകൂല്യം ലഭിച്ചു കഴിഞ്ഞാൽ കമ്പനി നൽകുന്ന വാറണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും മെയിന്റനൻസിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2020-21 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 28 | 28 | ഇല്ല |
| 2 | കൊല്ലം | 39 | 39 | ഇല്ല |
| 3 | പത്തനംതിട്ട | 6 | 6 | ഇല്ല |
| 4 | ആലപ്പുഴ | 25 | 19 | 2 (4 നിരസിച്ചു) |
| 5 | കോട്ടയം | 13 | 12 | 1 |

| | | | | |
|---|---|---|---|---|
| 6 | ഇടുക്കി | 3 | 2 | 1 നിരസിച്ചു) |
| 7 | എറണാകുളം | 77 | 66 | 6 (5 നിരസിച്ചു) |
| 8 | തൃശ്ശൂർ | 83 | 79 | 4 |
| 9 | പാലക്കാട് | 47 | 45 | 1 (1 നിരസിച്ചു) |
| 10 | മലപ്പുറം | 74 | 73 | 1 |
| 11 | കോഴിക്കോട് | 85 | 81 | 1 (1 നിരസിച്ചു) |
| 12 | വയനാട് | 3 | 3 | ഇല്ല |
| 13 | കണ്ണൂർ | 57 | 49 | (7 നിരസിച്ചു) |
| 14 | കാസർഗോഡ് | 29 | 29 | ഇല്ല |

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2021-22 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 43 | 42 | (1 നിരസിച്ചു) |
| 2 | കൊല്ലം | 33 | 33 | ഇല്ല |
| 3 | പത്തനംതിട്ട | 7 | 7 | ഇല്ല |
| 4 | ആലപ്പുഴ | 49 | 49 | ഇല്ല |
| 5 | കോട്ടയം | 18 | 18 | ഇല്ല |
| 6 | ഇടുക്കി | 8 | 8 | ഇല്ല |
| 7 | എറണാകുളം | 58 | 53 | (5 നിരസിച്ചു) |
| 8 | തൃശ്ശൂർ | 43 | 42 | 1 |
| 9 | പാലക്കാട് | 46 | 44 | (2 നിരസിച്ചു) |
| 10 | മലപ്പുറം | 73 | 71 | 1(1 നിരസിച്ചു) |
| 11 | കോഴിക്കോട് | 48 | 46 | 2 നിരസിച്ചു) |
| 12 | വയനാട് | 8 | 7 | 1 നിരസിച്ചു) |
| 13 | കണ്ണൂർ | 49 | 44 | (5 നിരസിച്ചു) |
| 14 | കാസർഗോഡ് | 28 | 28 | ഇല്ല |

**9. സ്നേഹപൂർവ്വം പദ്ധതി : മാനദണ്ഡം**

- മാതാപിതാക്കൾ മരിച്ച കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്.

- **5** വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ **1** മുതൽ ഡിഗ്രിതലത്തിൽ/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.
- കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരോ അവല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിൽ **20,000/-** രൂപയും നഗരപ്രദേശങ്ങളിൽ **22,375/-** രൂപയിലും താഴെ വാർഷികവരുമാനമുള്ളവരായിരിക്കണം.
- വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ഓൺലൈനായി അപേക്ഷിക്കുന്നതിനാൽ പ്രത്യേകമായി അപേക്ഷ ഫോറമില്ല.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| **2020-21** സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 10237 | 4895 | 4176 |
| 2 | കൊല്ലം | 7697 | 3238 | 3120 |
| 3 | പത്തനംതിട്ട | 2094 | 1254 | 423 |
| 4 | ആലപ്പുഴ | 4916 | 3445 | 751 |
| 5 | കോട്ടയം | 3976 | 2801 | 2328 |
| 6 | ഇടുക്കി | 1954 | 1167 | 518 |
| 7 | എറണാകുളം | 5598 | 3460 | 1032 |
| 8 | തൃശ്ശൂർ | 8404 | 4682 | 2328 |
| 9 | പാലക്കാട് | 7814 | 4361 | 2158 |
| 10 | മലപ്പുറം | 10071 | 4168 | 4577 |
| 11 | കോഴിക്കോട് | 6012 | 2637 | 2363 |
| 12 | വയനാട് | 2018 | 1144 | 540 |
| 13 | കണ്ണൂർ | 5816 | 2583 | 2319 |
| 14 | കാസർഗോഡ് | 4619 | 3101 | 972 |

<table>
<tr><td>ക്രമ നം.</td><td>ജില്ല</td><td>ആകെ ലഭിച്ച അപേക്ഷകൾ</td><td>സഹായം അനുവദിച്ചത്</td><td>തീർപ്പാക്കാനുള്ളത്</td></tr>
<tr><td colspan="5">2021-22 സാമ്പത്തിക വർഷം</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>8484</td><td colspan="2" rowspan="5">2021-22 അദ്ധ്യായന വർഷത്തെ ധനസഹായം നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിച്ചാണ് അനുവദിക്കുന്നത്. 14 ജില്ലകളിൽ നിന്നും ഓൺലൈൻ ആയി ലഭിച്ച അപേക്ഷകളുടെ</td></tr>
<tr><td>2</td><td>കൊല്ലം</td><td>6112</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>1439</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>4173</td></tr>
<tr><td>5</td><td>കോട്ടയം</td><td>2988</td></tr>
</table>

| | | | |
|---|---|---|---|
| 6 | ഇടുക്കി | 1530 | വെരിഫിക്കേഷൻ, അംഗീകരിക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയായാൽ മാത്രമേ എത്ര കുട്ടികൾക്ക് ധനസഹായം അനുവദിക്കാൻ കഴിയൂ എന്ന കണക്ക് ലഭ്യമാവുകയുള്ളൂ. കൂടാതെ നടപ്പ് വർഷത്തെ ബജറ്റ് വിഹിതം അനുവദിച്ച് ലഭിച്ചിട്ടില്ല.<br>2 |
| 7 | എറണാകുളം | 3963 | |
| 8 | തൃശ്ശൂർ | 7200 | |
| 9 | പാലക്കാട് | 7487 | |
| 10 | മലപ്പുറം | 8638 | |
| 11 | കോഴിക്കോട് | 5047 | |
| 12 | വയനാട് | 1595 | |
| 13 | കണ്ണൂർ | 4875 | |
| 14 | കാസർഗോഡ് | 4056 | |

**10.** സമാശ്വാസം പദ്ധതി : മാനദണ്ഡം

സമാശ്വാസം I

മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.

- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കു ശേഷമുള്ള **Immuno Suppressive Treatment** എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- മറ്റ് സർക്കാർ ധനസഹായം ലഭ്യമാകുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഈ പദ്ധതി പ്രകാരം പ്രതിമാസം **1100/-** രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

സമാശ്വാസം II

- വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റി വയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി **5** വർഷക്കാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
- വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി തുടർചികിത്സാ ആവശ്യമുള്ളവരാണെന്ന് വൃക്ക/കരൾ രോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- കുടുംബ വാർഷിക വരുമാനം **1** ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ഈ പദ്ധതി പ്രകാരം പ്രതിമാസം **1000/-** രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

സമാശ്വാസം III

- ഈ പദ്ധതി സാമൂഹ്യ നീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്നു.
- രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയയും അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.
- പ്രതിമാസം **1000/-** രൂപയാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുക.

- **APL/BPL** വ്യത്യാസമില്ലാതെ ഹീമോഫീലിയ ബാധിച്ചിട്ടുള്ള എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
- സർക്കാരിന്റെ ക്ഷേമ പെൻഷനുകളോ മറ്റ് ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ഈ പ്രത്യേക പ്രതിമാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.
- ഹീമോഫീലിയ ബാധിച്ചയാളാണെന്ന് ഗവൺമെൻറ് മെഡിക്കൽ കോളേജിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ ഹെമറ്റോളജി വിഭാഗത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. വകുപ്പ് തലവനോ / സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ **counter sign** ചെയ്തിരിക്കണം.
- അർഹതയുള്ള ഗുണഭോക്താക്കൾക്ക് അവരുടെ പേരിലോ **15** വയസിനു താഴെയുള്ള കുട്ടികളാണെങ്കിൽ കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള **Joint Account** ലേക്ക് കോർബാങ്കിംഗ്/**RTGS** വഴി പദ്ധതി ആനുകൂല്യം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.
- എല്ലാ വർഷവും ജനുവരി/ജൂൺ മാസങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സമാശ്വാസം **IV**

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതർ.
- അപേക്ഷകർ അരിവാൾ രോഗം **(HBSS)** ബാധിച്ചവരോ **HBS Combination** ബാധിച്ചവരോ ആണെന്ന് **HPLC (High Performing Liquid Chromatography)** വഴി കണ്ടെത്തിയ വരായിരിക്കണം. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- **(HBAS) Sickle cell trair cases** ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.
- വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും രോഗാവസ്ഥ തെളിയിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.
- രോഗി മരണപ്പെട്ടാൽ രോഗിയുടെ ആശ്രിതന് ധനസഹായം ലഭിക്കാൻ അർഹത ഉണ്ടായിരിക്കില്ല.
- ധനസഹായം ബാങ്ക് അക്കൗണ്ട് വഴി മാത്രമേ നൽകുകയുള്ളൂ.
- അർഹരായ അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന് തൊട്ടടുത്ത മാസം മുതൽ ധനസഹായം അനുവദിച്ച് നൽകുന്നതാണ്.
- ധനസഹായം തുടർന്ന് ലഭിക്കുന്നതിന് എല്ലാ വർഷവും ജനുവരി /ജൂൺ മാസങ്ങളിൽ നിശ്ചിതമാതൃകയിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സമാശ്വസം പദ്ധതിയുടെ **2020** മുതലുള്ള ജില്ല തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ സമാശ്വസം പദ്ധതിയിൽ പുതുതായി ഒരു ഗുണഭോക്താവിനെയും ഇനി ഉൾപ്പെടുത്തേണ്ടതില്ലെന്നും, ഓരൊ വർഷത്തെ പദ്ധതി വിഹിതത്തിനുള്ളിൽ നിന്നും മാത്രമേ ധനസഹായം അനുവദിക്കുവാൻ പാടുള്ളൂ എന്നും നിർദ്ദേശമുണ്ട്.

**11. വി-കെയർ: പദ്ധതി മാനദണ്ഡം**

- അപേക്ഷകൻ ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- വീകെയർ പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിൻ മേൽ അന്വേഷണം നടത്തുകയും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീകെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

- വീകെയർ പദ്ധതിയിൽ അപേക്ഷിക്കുന്നതിനായി വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം റേഷൻകാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സ സംബന്ധിച്ച രേഖകൾ എന്നിവയുടെ പകർപ്പ് തപാൽ മുഖേനയോ നേരിട്ടോ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ചത് | പരിഗണനാർഹ മല്ലാത്ത അപേക്ഷകൾ | **വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് വരുന്ന അപേക്ഷകൾ |
|---|---|---|---|---|
| **2020-21** സാമ്പത്തിക വർഷം | | | | |
| തിരുവനന്തപുരം | 265 | 36 | 16 | 213 |
| കൊല്ലം | 126 | 8 | 6 | 112 |
| പത്തനംതിട്ട | 60 | 4 | 7 | 49 |
| ആലപ്പുഴ | 81 | 9 | 6 | 66 |
| കോട്ടയം | 64 | 8 | 5 | 51 |
| എറണാകുളം | 89 | 16 | 8 | 65 |
| തൃശ്ശൂർ | 100 | 10 | 11 | 79 |
| വയനാട് | 19 | 4 | 5 | 10 |
| പാലക്കാട് | 108 | 27 | 8 | 73 |
| കോഴിക്കോട് | 124 | 14 | 15 | 95 |
| ഇടുക്കി | 42 | 9 | 1 | 32 |
| മലപ്പുറം | 100 | 13 | 9 | 78 |
| കണ്ണൂർ | 223 | 44 | 14 | 165 |
| കാസർഗോഡ് | 32 | 13 | 4 | 15 |

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ചത് | പരിഗണനാർഹ മല്ലാത്ത അപേക്ഷകൾ | **വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് വരുന്ന അപേക്ഷകൾ |
|---|---|---|---|---|
| **2021-22** സാമ്പത്തിക വർഷം | | | | |
| തിരുവനന്തപുരം | 342 | 32 | 8 | 302 |
| കൊല്ലം | 188 | 5 | 6 | 177 |
| പത്തനംതിട്ട | 58 | 7 | 3 | 48 |
| ആലപ്പുഴ | 76 | 4 | 1 | 71 |
| കോട്ടയം | 53 | 11 | 2 | 40 |
| എറണാകുളം | 85 | 15 | 7 | 63 |
| തൃശ്ശൂർ | 134 | 13 | 6 | 115 |

| | | | | |
|---|---|---|---|---|
| വയനാട് | 25 | 6 | 0 | 19 |
| പാലക്കാട് | 87 | 13 | 3 | 71 |
| കോഴിക്കോട് | 69 | 21 | 3 | 45 |
| ഇടുക്കി | 44 | 11 | 2 | 31 |
| മലപ്പുറം | 102 | 15 | 8 | 79 |
| കണ്ണൂർ | 118 | 34 | 10 | 74 |
| കാസർഗോഡ് | 46 | 9 | 1 | 36 |

(**വീ കെയറിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ Field verification നടത്തുകയും രോഗത്തിന്റെ ഗുരുതരാവസ്ഥയും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതിയും, ചികിത്സാ ചെലവിന്റെ വ്യാപ്തിയും പരിഗണിച്ച് പദ്ധതിയുടെ വിവിധ കമ്മിറ്റികളിൽ പരിഗണിക്കുകയും, കമ്മിറ്റികളുടെ തീരുമാനത്തിന്റെയും, വീ കെയർ ഫണ്ടിന്റെ ലഭ്യതയുടെയും, അടിസ്ഥാനത്തിൽ അപേക്ഷയുടെ മുൻഗണന പാലിച്ചാണ് സഹായം അനുവദിച്ച് വരുന്നത്.)

**12. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസഹായ പദ്ധതി**

(മിഠായി) : പദ്ധതി മാനദണ്ഡം

- ടി പദ്ധതി അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ് സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- 18 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം പദ്ധതി ഗുണഭോക്താക്കൾ.
- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 2 ലക്ഷത്തിൽ താഴെ ആയിരിക്കണം.
- അപേക്ഷകൻ/ രക്ഷകർത്താവ് കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.
- Type 1 ഡയബറ്റിസ് രോഗ നിർണ്ണയത്തെ കുറിച്ചും പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ചികിത്സാ രീതിയെ കുറിച്ചും എംപാനൽഡ് ഡോക്ടർ കുട്ടി/ കൗമാരക്കാർക്ക് സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- ചികിത്സ ആരംഭിക്കുന്നതിന് മുൻപ് കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ ടി വിവരം അറിഞ്ഞുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.
- കുട്ടിയുടെ/കൗമാരക്കാരുടെ മാതാപിതാക്കൾ റസിഡൻഷ്യൽ ഡയബറ്റിക് ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് തയ്യാറായിരിക്കണം.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. www.mittayi.org എന്ന വെബ് സൈറ്റ് വഴി പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2020-21 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 21 | 18 | 3 |

| | | | | |
|---|---|---|---|---|
| 2 | കൊല്ലം | 16 | 13 | 3 |
| 3 | പത്തനംതിട്ട | 9 | 8 | 1 |
| 4 | ആലപ്പുഴ | 13 | 11 | 2 |
| 5 | കോട്ടയം | 17 | 13 | 4 |
| 6 | ഇടുക്കി | 10 | 8 | 2 |
| 7 | എറണാകുളം | 9 | 6 | 3 |
| 8 | തൃശ്ശൂർ | 21 | 21 | 0 |
| 9 | പാലക്കാട് | 14 | 14 | 0 |
| 10 | മലപ്പുറം | 13 | 9 | 4 |
| 11 | കോഴിക്കോട് | 15 | 12 | 3 |
| 12 | വയനാട് | 7 | 7 | 0 |
| 13 | കണ്ണൂർ | 17 | 14 | 3 |
| 14 | കാസർഗോഡ് | 10 | 6 | 4 |

| ക്രമ നം. | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | സഹായം അനുവദിച്ചത് | തീർപ്പാക്കാനുള്ളത് |
|---|---|---|---|---|
| 2021-22 സാമ്പത്തിക വർഷം | | | | |
| 1 | തിരുവനന്തപുരം | 18 | 12 | 6 |
| 2 | കൊല്ലം | 23 | 14 | 9 |
| 3 | പത്തനംതിട്ട | 9 | 6 | 3 |
| 4 | ആലപ്പുഴ | 23 | 12 | 11 |
| 5 | കോട്ടയം | 10 | 8 | 2 |
| 6 | ഇടുക്കി | 14 | 7 | 7 |
| 7 | എറണാകുളം | 15 | 8 | 7 |
| 8 | തൃശ്ശൂർ | 29 | 24 | 5 |
| 9 | പാലക്കാട് | 22 | 15 | 7 |
| 10 | മലപ്പുറം | 19 | 12 | 7 |
| 11 | കോഴിക്കോട് | 21 | 12 | 9 |
| 12 | വയനാട് | 9 | 4 | 5 |
| 13 | കണ്ണൂർ | 25 | 11 | 14 |
| 14 | കാസർഗോഡ് | 5 | 2 | 3 |